(ഡി) കാർഷികോൽപ്പന്നങ്ങൾ വാങ്ങിക്കൊടുക്കുക, വിദ്യാഭ്യാസത്തിനു് ധനസഹായങ്ങൾ ചെയ്തുകൊടുക്കുക, സഹകരണസംഘങ്ങൾക്കും മലവർഗ്ഗക്കാരുടെ സ്ഥാപനങ്ങൾക്കും ധനസഹായങ്ങൾ ചെയ്യുക മുതലായവയാണു്.

(ഈ) പരാതിയുണ്ടു്.

(എഫ്) ഇതിലേക്കുവേണ്ട പരിഹാര നടപടികൾ അപ്പോഴപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നു.

ചന്തകൾ.

* 508. [47] ശ്രീ. പി. നാരായണൻ പോറ്റി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിലുള്ള ചന്തകളെല്ലാം അതതു പഞ്ചായത്തുകളുടേയോ മുനിസിപ്പാലിറ്റികളുടേയോ കീഴിലാണോ പ്രവർത്തനം നടത്തുന്നതു് ;

(ബി) അവയിൽ പബ്ലിക്കു് ചന്തകൾ എത്ര, പ്രൈവറ്റ് ചന്തകൾ എത്ര ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും അതത് അക്കൗണ്ടിലുള്ള എല്ലാ ചന്തകളും അതതു പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കീഴിലാണു് പ്രവർത്തനം നടത്തുന്നതു്.

(ബി) അവയിൽ 367 പബ്ലിക്കു് ചന്തകളും 722 പ്രൈവറ്റ് ചന്തകളും ഉൾപ്പെടുന്നുണ്ടു്.

ഗതാഗതദേശവൽക്കരണം.

* 509. [48] ശ്രീ. പി. നാരായണൻപോറ്റി : താഴെ കാണുന്ന ചോദ്യത്തിനു പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

ഈ സാമ്പത്തികവർഷത്തിൽ ഏതെങ്കിലും പുതിയ ബസ്സ് റൂട്ട് ദേശവൽക്കരിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഏതെല്ലാം.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലങ്ങൾ.

* 510. [49] ശ്രീ. പി. ഭാസ്കരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയിൽ അല്ലാതെയുള്ള ഏതു വലിയ പാലങ്ങൾ നിർമ്മിക്കുന്നതിനു തിരുവിതാംകൂർ-കൊച്ചി രണ്ടാംപഞ്ചവത്സരപദ്ധതിയനുസരിച്ചു പൊതുമരാമത്തു വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടു് ;

(ബി) അവയ്ക്കു് ആകെ ഉദ്ദേശം എന്തു സംഖ്യ ചെലവാകും ;

LIBRARY ARCHIVES Kerala Legislative Assembly